# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1276 04.12.2014-ൽ മറുപടി

## ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | ഭൂരഹിതരില്ലാത്ത കേരളം പദ്ധതി വിജയിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന വ്യക്തമാക്കുമോ; | ഭൂരഹിതരില്ലാത്ത കേരളം പദ്ധതി വിജയപ്രദമായി പൂർത്തിയാക്കുന്നതിന് ജില്ല, താലൂക്ക്, വില്ലേജ്, സംസ്ഥാനതലത്തിൽ സ്പെഷ്യൽ സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. താലൂക്ക് തലത്തിൽ തഹസിൽദാരും, ജില്ലാ തലത്തിൽ ഡെപ്യൂട്ടി കളക്ടറും, സംസ്ഥാനതലത്തിൽ ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറും സ്പെഷ്യൽ സെല്ലുകൾക്ക് നേതൃത്വം നൽകുന്നു. അപേക്ഷകരിൽ നിന്ന് പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് കൃത്യമായ മാനദണ്ഡങ്ങൾ സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. വീട് വയ്ക്കാൻ അനുയോജ്യമായ മുഴുവൻ സർക്കാർ ഭൂമികളും കണ്ടെത്താനുള്ള നിർദ്ദേശം ബന്ധപ്പെട്ട അധികാരികൾക്ക് നൽകിയിട്ടുണ്ട്. അനധികൃത കയ്യേറ്റങ്ങൾ പൂർണ്ണമായും ഒഴിപ്പിച്ചും പാട്ടക്കാലാവധി കഴിഞ്ഞതും പാട്ട വ്യവസ്ഥകൾ ലംഘിച്ചതുമായ കേസുകളിൽ ഭൂമി തിരിച്ചെടുത്തുകൊണ്ടും, വാസയോഗ്യമായ പുറമ്പോക്ക് ഭൂമികളും, മിച്ചഭൂമികളും അന്യംനിന്ന ഭൂമി തുടങ്ങി എല്ലാവിധത്തിലുമുള്ള സർക്കാർ ഭൂമികളും ഉപയുക്തമാക്കി ഈ പദ്ധതി പൂർത്തിയാക്കാനുള്ള ശ്രമങ്ങളാണ് നടന്ന് കൊണ്ടിരിക്കുന്നത്. |
| (ബി) | ആദിവാസികൾക്ക് അവകാശപ്പെട്ട ഭൂമി നൽകുന്നതിന് പ്രത്യേക പരിഗണന നൽകാൻ നടപടി സ്വീകരിക്കുമോ? | ആദിവാസികൾക്ക് അവകാശപ്പെട്ട ഭൂമി വിതരണം നടത്തുമ്പോൾ ബന്ധപ്പെട്ട നിയമപ്രകാരമുള്ള പരിഗണന നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ